(ബി) & (സി) മലബാർ ദേവസ്വത്തിനു കീഴിലുള്ള ചില കാവുകൾ കയ്യേറ്റംമൂലം വിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു ദേവസ്വങ്ങളിലൊന്നും ദേവവനങ്ങളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ ദേവസ്വത്തിനു കീഴിലുള്ള ദേവവനങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുവാനും, സാമൂഹ്യ വനവൽക്കരണ പദ്ധതിപ്രകാരം വനംവകുപ്പുമായി ചേർന്ന് കാവുകൾ വേലി/മതിൽ കെട്ടി സംരക്ഷിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവാരണ്യം പദ്ധതിയനുസരിച്ച് ക്ഷേത്രവസ്തുക്കളിൽ കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. മറ്റ് ദേവസ്വങ്ങളിലൊന്നും പുതുതായി ദേവവനങ്ങൾ പിടിപ്പിക്കാൻ പരിപാടിയില്ല.

ദേവസ്വം ബോർഡിലെ താല്ക്കാലിക നിയമനങ്ങൾ

304 [1232] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാലയളവിൽ ദിവസക്കൂലി വേതനത്തിൽ എത്രപേരെ നിയമിച്ചിരുന്നു;

(ബി) ഈ ജീവനക്കാരിൽ എത്രപേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്; ഇതിൽനിന്ന് പിരിച്ചുവിട്ടവർക്ക് പകരം പുതിയ ആളുകളെ നിയമിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെ താൽക്കാലികമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് ബോർഡ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 109.

(ബി) 70 പേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്. പിരിച്ചുവിട്ടവർക്കു പകരം പുതിയ ആളുകളെ നിയമിച്ചിട്ടുണ്ട്.

(സി) തീരുമാനമെടുത്തിട്ടില്ല.

കാർഷികോൽപ്പന്നങ്ങളുടെ തറവില

305 [1233] *ശ്രീ. കെ. പി. മോഹനൻ:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്കാണ് തറവില നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly